

ആദരണീയരായ സെനറ്റ്, അക്കാദമിക്ക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളെ,

എല്ലാവർക്കും കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ ഹൃദയം നിറഞ്ഞ *ഓണാശംസകൾ..!*

ഈ കോവിഡ്-19 ഓണക്കാലത്ത് ഫേയ്സ് മാസ്ക്, സാനിറ്റൈസർ, സാമൂഹിക അകലം പാലിക്കൽ എന്നിവയുടെ ശരിയായ ഉപയോഗത്തിലൂന്നിക്കൊണ്ട് സ്വയം സുരക്ഷിതരായിരിക്കാനും, മറ്റുള്ളവരെ അതിനു പ്രേരിപ്പിക്കാനും ശ്രമിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടേയും കടമയാണെന്ന് ഒന്നുകൂടി ഓർമിപ്പിക്കട്ടെ..!

നമ്മുടെ സർവകലാശാല, ഓൺലൈൻ വിദ്യാഭ്യാസ രംഗത്ത് വൻ മുന്നേറ്റങ്ങൾ ഇതിനകം നടത്തിക്കഴിഞ്ഞിരിക്കുന്നു എന്നറിയിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. എല്ലാ കോളേജുകളിലും ഓൺലൈൻ ക്ലാസുകൾ നടക്കുന്നുണ്ട്. അവയുടെ ചിട്ടയായ നടത്തിപ്പിനെക്കുറിച്ചുള്ള റിപ്പോർട്ടുകൾ, പ്രിൻസിപ്പൽമാർ അതത് ഫാക്കൽട്ടി ഡീൻമാരെ ആഴ്ച്ച തോറും അറിയിച്ചു കൊണ്ടിരിക്കുന്നുമുണ്ട്. ഈ മുന്നേറ്റത്തിൽ പങ്കാളികളായ എല്ലാവരേയും അഭിനന്ദിക്കുന്നു.

ഇന്ന് ലോകമെമ്പാടും ഉപയോഗിക്കപ്പെടുന്ന ഓപ്പൺ സോഫ്റ്റ് പ്ലാറ്റ്ഫോമായ 'മൂഡിൽ', ഓൺലൈൻ വിദ്യാഭ്യാസത്തിനായി ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ അഫിലിയേറ്റഡ് സ്ഥാപനങ്ങളിൽ ഉപയോഗിക്കാൻ നമ്മൾ തീരുമാനിച്ചിരിക്കുകയാണ്. ഇതു വഴി, എല്ലാ കോളേജുകളിലും സമാനമായ ഓൺലൈൻ അദ്ധ്യാപന-പഠന മാർഗങ്ങൾ നടപ്പിലാകും. കോവിഡ് അനന്തര കാലഘട്ടത്തിൽ ഇത് 'ബ്ലെൻഡഡ് പഠന'ത്തിനും, 'ഫ്ലിപ്പ്ഡ് ക്ലാസ് റൂം' രീതിയിലുള്ള പഠനത്തിനും ഉപയുക്തമാക്കാവുന്നതാണ്. രണ്ടു ബാച്ചുകളിലായി 270-ൽ പരം അദ്ധ്യാപകർക്ക് നാം ഇതിനകം ToT അടിസ്ഥാനത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. ഇവർ അതാതു കോളേജിൽ മാസ്റ്റർ ട്രെയിനേഴ്സ് ആയി പ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നു. 470 പേരുടെ മൂന്നാം ബാച്ച്, ഈ സെപ്റ്റംബർ 7-ആം തിയതി മുതൽ പരിശീലനം ആരംഭിക്കും. തുടർന്നും വിപുലമായ പരിശീലന പരിപാടികൾ ഉണ്ടായിരിക്കും.

മൂഡിൽ പ്ലാറ്റ്ഫോമിനെക്കുറിച്ച് അറിയാനും പരിചയപ്പെടാനും ഉപകരിക്കുന്ന ഒരു ഓൺലൈൻ വിദ്യാഭ്യാസ പരിപാടി MOOC (Massive Open Online Course) രീതിയിൽ നമ്മുടെ സെനറ്റ്, അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കായി കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല ഒരുക്കുന്നു. ഇത് സർവകലാശാലയുടെ ആദ്യ MOOC പരിപാടിയായിരിക്കും എന്ന പ്രത്യേകതയുമുണ്ട്. എളുപ്പത്തിൽ മനസ്സിലാകുന്ന, 5 മുതൽ 10 മിനിറ്റ് വീതമുള്ള 30 വീഡിയോ ക്ലാസുകളിലൂടെ, പത്തു ദിവസങ്ങൾ കൊണ്ട് നിങ്ങളുടെ മൊബൈലിലോ കമ്പ്യൂട്ടറിലോ സൗകര്യപ്രദമായ സമയങ്ങളിൽ ലോഗിൻ ചെയ്ത് ഇത് എളുപ്പത്തിൽ പഠിക്കാം. പങ്കെടുക്കുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റുകൾ നൽകുന്നതായിരിക്കും.

എല്ലാ ബഹുമാന്യ അംഗങ്ങളോടും ഈ അവസരം ഉപയോഗപ്പെടുത്തണമെന്ന് അഭ്യർഥിക്കുന്നു.

ആശംസകളോടെ,

28 ആഗസ്റ്റ്, 2020

ഡോ. മോഹനൻ കുന്നുമ്മൽ

വൈസ് ചാൻസിലർ